LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ പി.എസ്.സി. മുഖേന നിയമനം ലഭിക്കുകയോ മറ്റ് സർക്കാർ ജോലി ലഭിക്കുകയോ ചെയ്യുമ്പോൾ ടി ഉദ്യോഗാർത്ഥികൾ ആ വിവരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രേഖാമൂലം അറിയിക്കുകയാണെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ ലൈവ് രജിസ്റ്ററിൽനിന്നും നീക്കംചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

തൊഴിലില്ലായ്മ പരിഹരിക്കാനുള്ള നടപടികൾ

262(872) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന തോതിലുള്ള തൊഴിലില്ലായ്മയും യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിന്റെ ദൗർലഭ്യവും പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉദ്യോഗാർത്ഥികൾക്കാവശ്യമായ മൃദുനൈപുണ്യ പരിശീലനം നൽകിക്കൊണ്ട് സ്വകാര്യ മേഖലയിലെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/ പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. കൂടാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് ബാങ്കുമായി ബന്ധപ്പെട്ട് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയും വകുപ്പ് മുഖാന്തരം സബ്സിഡിയും നൽകുന്നതിനായി കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, നവജീവൻ എന്നീ പദ്ധതികളും വകുപ്പ് നേരിട്ട് വായ്പ അനുവദിച്ച് നടപ്പാക്കിവരുന്നതും സമൂഹത്തിലെ നിരാശരായ സ്ത്രീകൾക്കുവേണ്ടിയുള്ളതുമായ 'ശരണ്യ' പദ്ധതിയും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ച് ഉയർത്താനായുള്ള 'കൈവല്യ' പദ്ധതിയും ഇതിനായി നടപ്പാക്കിവരുന്നു.

(ബി) മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിച്ച് സ്വയംതൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ പദ്ധതികൾ നിലവിൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ പരിഗണനയിലില്ല.

(സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംതൊഴിൽ പദ്ധതികൾ പരിപോഷിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ധാരാളം തൊഴിൽരഹിതർ സ്വയംതൊഴിൽ രംഗത്തേയ്ക്ക് കടന്നുവരുന്ന സാഹചര്യത്തിൽ എംപ്ലോയ്മെന്റ് വകുപ്പുമുഖേന സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നതിന് കൂടുതൽ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വയംതൊഴിൽ ധനസഹായം ലഭിക്കുന്നതിനായി നിലവിൽ ലഭ്യമായ അപേക്ഷകൾ പരിശോധിക്കുകയും അപേക്ഷകരെ ഓൺലൈനായി കൂടിക്കാഴ്ച നടത്തി, അർഹരായവരെ കണ്ടെത്തി വായ്പാ/സബ്സിഡി അനുവദിക്കുന്നതിനുവേണ്ട തുടർനടപടികളും ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ 'കൈവല്യ'യുടെ കടിശ്ശികയായിട്ടുള്ള 7449 സ്വയം തൊഴിൽ വായ്പാ അപേക്ഷകൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനുമായി സഹകരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മുഖേന തീർപ്പാക്കുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ വികസനം

263(873) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ എടരിക്കോട് ഇ.എസ്.ഐ. ആശുപത്രിയുടെ വികസനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പ്രവർത്തിച്ചുവരുന്നത് വാടക കെട്ടിടത്തിലാണ്. പ്രസ്തുത വാടക കെട്ടിടം ശോചനീയാവസ്ഥയിലായതിനാൽ മറ്റൊരു കെട്ടിടം ഡിസ്പെൻസറിക്കായി വാടകയ്ക്കെടുക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷനുമായി ചേർന്ന് വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥലത്തിനുവേണ്ടി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(സി) പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ നിലവിൽ ജീവനക്കാരുടെ ഒഴിവുകൾ ഇല്ല.